(ഡി) നാട്ടിക മണ്ഡലത്തിലെ പാറളം ഗ്രൂപ്പ് വില്ലേജ് ഓഫീസ് വിഭജിച്ച് കോടന്നൂർ വില്ലേജ് ഓഫീസ് എത്രയുംവേഗം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ആകെ വില്ലേജുകൾ-1664, സംസ്ഥാനത്തെ ആകെ ഗ്രൂപ്പ് വില്ലേജുകൾ-100

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി & ഡി) ഒരു പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ് എന്ന നയത്തിന്റെ ഭാഗമായി 30 പുതിയ വില്ലേജുകൾ രൂപീകരിക്കുകയും ഇത് സംബന്ധിച്ചുള്ള വിജ്ഞാപനവും തിരുത്തൽ വിജ്ഞാപനവും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. നാട്ടിക നിയോജക മണ്ഡലത്തിലെ പാറളം ഗ്രൂപ്പ് വില്ലേജ് ഓഫീസ് വിഭജിച്ച് കോടന്നൂർ വില്ലേജ് ഓഫീസ് രൂപീകരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

തിരുവള്ളൂർ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ

190 (7159) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ വില്ലേജ് ഓഫീസ് കെട്ടിടം ശോചനീയാവസ്ഥയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ടി കെട്ടിടം പുതുക്കിപ്പണിയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തുടർന്ന് വില്ലേജ് ഓഫീസ് പ്രവർത്തനം വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ബി) കെട്ടിടം പുതുക്കിപ്പണിയുന്നതിന് വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കോഴിക്കോടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly